# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

ആലപ്പുഴ ജില്ല

## സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2018 - 31/03/2019

| | |
|---|---|
| ബ്ലോക്ക് | കഞ്ഞിക്കുഴി |
| ഗ്രാമ പഞ്ചായത്ത് | കഞ്ഞിക്കുഴി |
| വാർഡ് | 2 സുഭാഷ്കവല |

# ഉള്ളടക്കം


ആമുഖം ..................................................................................................................................3

സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ...........................4

7 രജിസ്റ്ററുകൾ..........................................................................................9

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ..........................................................11

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ..............................................15

അവകാശനിഷേധങ്ങൾ..............................................................................................22

നിരീക്ഷണങ്ങളും കണ്ടെത്തലുകളും....................................................23

ഗ്രാമസഭ മിനുട്ട്സ്............................................................................................24

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്(as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കഞ്ഞിക്കുഴി പഞ്ചായത്ത് വാർഡ് 2-ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 40 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി/ അവസാനിച്ച തീയതി | എസ്റ്റിമേറ്റ് | എക്സ്പെൻഡിച്ചർ |
|---|---|---|---|---|---|
| 1 | ടോയ്ലറ്റ് നിർമാണം- നിഷ സന്തോഷ്, സന്തോഷ് ഭവനം | RS/334120 | 14/12/2018<br>27/12/2018 | 12000 | 12000 |
| 2 | കുന്നേൽ പള്ളി ആയാൽ സഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും k-94 | IF/348781 | 2/08/2018<br>28/2019 | 4,52,307 | 4,19,237 |
| 3 | അരൂത്തറ അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും k-97 | IF/348781 | 2/8/2018<br>7/3/2019 | 3,06,273 | 2,81,859 |
| 4 | പടിഞ്ഞാറേ വെളി അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവുംk-167 | IF/351152 | 2/8/2018<br>28/3/2019 | 4,25,646 | 344,731 |
| 5 | അരൂത്തറ 2nd അയൽ സഭ പ്രദേശത്തെ വൃക്ഷത്തൈ നടീലും പരിപാലനവും | IF/349733 | 2/8/2018<br>26/3/2019 | 497523 | 367766 |
| 6 | പുതുപ്പാട അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K 177 | IF/351155 | 2/8/2018<br>26/3/2019 | 439164 | 371560 |
| 7 | പടിഞ്ഞാറേ വെളി 2nd അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K 178 | IF/351157 | 7/8/2018<br>28/3/2019 | 413011 | 356926 |

| | | | | | |
|---|---|---|---|---|---|
| 8 | കുറുപ്പന്മാമഠം അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K 97 | IF/348786 | 9/8/2018<br>27/3/2019 | 489061 | 339853 |
| 9 | കുറുപ്പന്മാമഠം 2nd അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K 174 | IF/349734 | 9/8/2018<br>27/3/2019 | 475747 | 387549 |
| 10 | പള്ളിക്കവല ഞറുക്കു വെളി അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും | IF/354816 | 9/8/2018<br>27/3/2019 | 474620 | 373457 |
| 11 | പള്ളിക്കവലയിൽ അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവുംK-95 | IF/348783 | 13/9/2018<br>24/3/2019 | 474089 | 436600 |
| 12 | അരൂത്തറ പ്രദേശത്തെ പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ k-847 | LD/323166 | 16/11/2018<br>11/2/2019 | 411768 | 359997 |
| 13 | കുന്നേൽ പള്ളി പ്രദേശത്തെ പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K 848 | LD/323167 | 13/11/2018<br>16/2/2019 | 408136 | 408126 |
| 14 | പള്ളിക്കവല പ്രദേശത്ത് പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K 850 | LD/323169 | 13/11/2018<br>11/2/2019 | 265084 | 254217 |
| 15 | അറുങ്ങാവെളി പ്രദേശത്തെ പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K 849 | LD/323168 | 16/11/2018<br>6/2/2019 | 496327 | 445272 |

| | | | | | |
|---|---|---|---|---|---|
| 16 | ലൈഫ് ഓഫ് ഗുണഭോക്താക്കൾക്ക് ഇഷ്ടിക നിർമ്മാണം 1st റീച് | AV/255421 | 19/1/2019<br>21/2/2019 | 378835 | 359008 |
| 17 | ലൈഫ് ഗുണഭോക്താക്കൾക്കായി ഇഷ്ടിക നിർമ്മാണം 2nd റീച് | AV/255422 | 19/1/2019<br>27/3/2019 | 332703 | 377598 |
| 18 | ലൈഫ് ഗുണഭോക്താക്കൾക്ക് ഇഷ്ടിക നിർമ്മാണം 3rd റീച് | Av/255423 | 19/1/2019<br>25/2/2019 | 377422 | 300561 |
| 19 | കസ്തൂർബാ ഫൈബർ ടെക്സ് റോഡ് മെറ്റലിങ് K 188 | RC/65111 | 20/12/2018<br>13/1/19 | 449000 | 409780 |
| **അൺസ്കില്ഡ് ലേബർ ഓഫ് ലൈഫ് പ്രോജക്ട്** | | | | | |
| 20 | ശാന്തമ്മ പുത്തൻവെളി K 119 | 356922 | 13/11/2018<br>15/8/2019 | 25000 | 24390 |
| 21 | ശാന്ത കുറുപ്പമ്മവെളി K 340 | 356979 | 30/10/2018<br>2/5/2019 | 25000 | 24390 |
| 22 | സോഫിയ ചാണിവെളി K 323 | 356929 | 13/11/2018<br>3/5/2019 | 25000 | 24390 |
| 23 | സിജ മാനസനിലയം K 346 | 356991 | 13/11/2018<br>3/5/2019 | 25000 | 24390 |
| 24 | ഓമന മഠത്തിൽവെളി K 318 | 356920 | 30/10/2018<br>18/3/2019 | 25000 | 24390 |
| 25 | ജ്യോതിലക്ഷ്മി കാർത്തികനിവാസ് K 341 | 356981 | 13/11/2018<br>18/3/2019 | 25000 | 24390 |
| 26 | രശ്മി അമൃതഭവൻ K 321 | 356926 | 13/11/2018<br>18/3/2019 | 25000 | 24390 |

| | | | | | |
|---|---|---|---|---|---|
| 27 | അമ്പിളി പുത്തൻവെളി K 549 | 360439 | 30/10/2018<br>24/4/2019 | 25000 | 24390 |
| 28 | ലളിത കോമത്തവെളി K 362 | 357024 | 21/11/2018<br>3/5/2019 | 25000 | 24390 |
| 29 | ബീന പുതുപ്പാടിയിൽ K 331 | 356969 | 13/11/2018<br>3/5/2019 | 25000 | 24390 |
| 30 | സജിത പുളിന്തുരുത്ത് K 332 | 356970 | 13/11/2018<br>3/5/2019 | 25000 | 24390 |
| 31 | ഉഷ പുത്തൻപുരയ്ക്കൽ K 322 | 356928 | 13/11/2018<br>12/7/2019 | 25000 | 24390 |
| 32 | സുമ അരങ്ങാവെളി K 342 | 356983 | 13/11/2018<br>30/8/2019 | 25000 | 24390 |
| 33 | സ്മിതാ മോൾ വെളിയിൽ K 345 | 356990 | 13/11/2018<br>3/5/2019 | 25000 | 24390 |
| 34 | സന്ധ്യ നികർത്തിൽ K 588 | 374494 | 29/11/2018<br>12/7/2019 | 25000 | 24390 |
| 35 | ഓമന തെക്കേമറ്റത്തിൽ K 574 | 374116 | 29/11/2018<br>3/5/2019 | 25000 | 24390 |
| 36 | പ്രഭാവതി പ്രഭാനിലയം K 575 | 374117 | 29/11/18<br>24/8/2019 | 25000 | 24390 |
| 37 | ഇന്ദിര കണ്ഠത്തിൽപറമ്പ് K 576 | 374119 | 14/12/2018<br>2/9/2019 | 25000 | 24390 |
| 38 | കസ്തുർബ ശ്രീ ഭവനം തോട് വെട്ടി വശങ്ങളിൽ തീറ്റപുൽ നടീൽ | R/210 | 28/02/2019<br>28/03/2019 | 255218 | 119801 |

| | | | | | |
|---|---|---|---|---|---|
| 39 | പടിഞ്ഞാറെ വെളി കുന്നെവെളി തോട് വെട്ടി വശങ്ങളിൽ തീറ്റപുൽ നടീൽ | WH/212373 | 15/02/2019<br>27/03/2019 | 236844 | 161245 |
| 40 | അയ്യപ്പഞ്ചേരി കുളങ്ങരകുഴിക്കൽ തോട് വെട്ടി കയർഭൂ വസ്ത്രം വിരിക്കൽ തീറ്റപ്പുൽ നടീൽ | WH/56436 | 15/12/2019<br>16/03/2019 | 231806 | 188887 |

# 7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ( 2005 ) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ:**

1. *തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ :*
   - സെക്രട്ടറി സെർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു.
   - പാർട്ട് എ, ബി, സി & ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുണ്ട്

2. *സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.

- 2018 ൽ നടന്ന ലേബർ ബട്ജെറ്റ് മുന്നൊരുക്ക ഗ്രാമസഭയിൽ ഈ സാമ്പത്തിക വര്ഷം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. *തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.

4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.

5. *സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - വാർഡുകളിലെ സൈറ്റുകളും ചെയ്തിരിക്കുന്ന വർക്കുകളും രേഖപെടുതിയിട്ടുണ്ട്

6. *പരാതി രജിസ്റ്റർ*
   - പരാതി *രജിസ്റ്റർ* സുക്ഷിച്ചിട്ടുണ്ട്.

7. *മെറ്റീരിയൽ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസിൽ നിന്നും വിവരങ്ങൾ പ്രിന്റെടുത്ത് സുക്ഷിച്ചിട്ടുണ്ട്.

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1.) **കവർപേജ്**

AMC പ്രകാരമുള്ള കവർപേജ് പരിശോധിച്ച 40 ഫയലുകളിലും ഉണ്ടായിരുന്നു. പ്രവർത്തിയുടെ പേര് പ്രവർത്തി അംഗീകരിച്ചവർഷം പദ്ധതി നിർവഹണ ഏജൻസി, ബ്ലോക്ക്, പഞ്ചായത്ത്, വില്ലേജ് എന്നീ വിവരങ്ങൾ എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

LD /323167 കുന്നെവേളി പ്രദേശത്ത് പ്ലാൻ ഫ്രണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ, IF/354816 പള്ളിക്കവല ഞാറുക്കുവേളി പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തെ നടീലും പരിപാലനവും, LD/323169 പള്ളികവല പ്രദേശത്ത് പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ , LD/323168 അറുങ്ങാവെളി പ്രദേശത്തെ പ്ലാൻ ഫ്രണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ എന്നീ ഫയലുകളുടെ കവർ പേജിൽ വർക്ക് അവസാനിച്ച ഡേറ്റ് എക്സ്പെൻഡിച്ചർ എന്നിവ ഇല്ലായിരുന്നു.

RC/65111 കസ്തൂർബാ ഫൈബർ ടെക് റോഡ് മെറ്റലിംഗ് ഫയലിന്റെ കവർ പേജിൽ ലൊക്കേഷൻ ഓഫ് വർക്ക്, ഷെൽഫ് ഓഫ് വർക്ക്, കോൺസ്റ്റിട്യൂൺസി എന്നീ വിവരങ്ങൾ ഇല്ലായിരുന്നു. ലൈഫ് ഗുണഭോക്താക്കൾക്ക് സോളിഡ് ബ്ലോക്ക് നിർമ്മാണം എന്ന ഫയലന്റെ കവർ പേജിൽ എക്സ്പെൻഡിച്ചർ, എസ്റ്റിമേറ്റ് കോസ്റ്റ് എന്നിവയിലായിരുന്നു.IF/343786 കുറുപ്പമ്മാമഠം സഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തെ നടീലും പരിപാലനവും എന്ന ഫയലിൽ കവർ പേജിൽ ഷെൽഫ് ഓഫ് വർക്ക്, ലൊക്കേഷൻ, അസംബ്ലി നിയോജക മണ്ഡലം, വർക്ക് ക്യാറ്റഗറി, വർക്ക് എൻഡ് ഡേറ്റ്, എസ്റ്റിമേറ്റ് കോസ്റ്റ്, എക്സ്പെൻഡിച്ചർ എന്നിവയിലായിരുന്നു.IF/348784 അരുവിത്തറ അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തെ നടീലും പരിപാലനവും എന്ന ഫയലിൽ കവർ പേജിൽ എക്സ്പെൻഡിച്ചർ വർക്ക് ഡേറ്റ് എന്നിവയിലായിരുന്നു.

2) **ചെക്ക് ലിസ്റ്റ്** : 40 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു. എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

3) **വാർഷിക കർമ പദ്ധതി** : ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര്, ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലും ഉണ്ടായിരുന്നു.

4) **എസ്റ്റിമേറ്റ്** :കവർ പേജ്, വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, എന്നിവ ഉണ്ടായിരുന്നു. റേറ്റ് അനാലിസിസ് ഡ്രോയിങ്

&ഡിസൈൻ, സർവ്വേ ഡേറ്റ എന്നിവ ചിലതിൽ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല. പ്രവർത്തി എവിടെ നടക്കുന്നു എന്നുള്ള സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

5) **സാങ്കേതിക അനുമതി**യിൽ Isgd, AE എന്നിവർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ സീൽ ഇല്ലായിരുന്നു.

6) **ഭരണാനുമതി** : പഞ്ചായത്ത് കമ്മിറ്റിയുടെ ഭരണാനുമതി സെക്രട്ടറിയുടെ ഒപ്പ് സീൽ, ഭരണാനുമതി നമ്പർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7) **സംയോജിത പദ്ധതിയുടെ വിവരങ്ങൾ**: സംയോജിത പദ്ധതിയുടെ വിവരങ്ങൾ പരിശോധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

8) **ഡിമാൻഡ് ഫോറം** : അനുചേദം ബി പ്രകാരമുള്ള ഡിമാൻഡ് ഫോം എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

9) **work allocation form** : അനുച്ഛേദപ്രകാരം ഉള്ള **വർക്കലൊക്കേഷൻ** ഫോം ഉണ്ടായിരുന്നു.

10). **E-Muster roll** : BDO, പഞ്ചായത്ത് സെക്രട്ടറി എന്നിവർ തീയതി ഇല്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ ചെയ്ത തീയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ ഉപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. **മസ്റ്റർ** റോളിൽ തീയതി ഇല്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരുന്നു.

11) **എം ബുക്ക്** : പരിശോധിച്ച എല്ലാ ഫയലിലും **എം ബുക്ക്** ഉണ്ടായിരുന്നു. സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നില്ല. As നമ്പർ ts നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.അക്രെഡിറ്റഡ് എഞ്ചിനീയർ ഒപ്പും സീലും രേഖപ്പെടുത്തുകയും പഞ്ചായത്ത് സെക്രട്ടറി പാസാക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിരുന്നില്ല.
AB/255421, IF/351157, IF/349734, IF/348784 എന്നീ വർക്കുകളിലെ എം ബുക്കിലെയും വെജ് ലിസ്റ്റിലെയും തുകകൾ തമ്മിൽ വ്യത്യാസമുണ്ട്.

12) **മെറ്റീരിയലുമായി ബന്ധപ്പെട്ട രേഖകൾ**
മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഒരെണ്ണമേ ഉണ്ടായിരുന്നുള്ളൂ. അതിൽ രേഖ ഉണ്ടായിരുന്നു.

13) **wage list** : മസ്റ്റർ റോൾ പ്രകാരമുള്ള വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.

14) **FTO**:വെജ് ലിസ്റ്റ് പ്രകാരമുള്ള fto ഉണ്ടായിരുന്നു.

15) **material voucher and bill** :

മെറ്റീരിയൽ വർക്കുകളുടെ എല്ലാ ബില്ലുകളും ഉൾപ്പെടുത്തിയിരുന്നു.

16) **Royality**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകളിൽ റോയൽറ്റി നൽകിയിരുന്നു.

17) **പ്രവർത്തിയുടെ 3 ഘട്ടങ്ങളിലെ ഫോട്ടോ**
Work code IF/374494 ലൈഫ് ഭവനം മൂന്ന് സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നില്ല.LD/323168 ഫയലിൽ 3 സ്റ്റേജ് ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല.IF/348784 രണ്ടു ഫോട്ടോഗ്രാഫ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

18) **പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**
പരിശോധിച്ച ഫയലുകളിൽ IF/354816, IF/348781, IF/351155, IF/356983 എന്നിവയിൽ ഒഴികെ മറ്റെല്ലാ ഫയലുകളിലും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ണ്ടായിരുന്നു.
IF/348784 ഫയലിൽ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ ഒന്നുംതന്നെ രേഖപ്പെടുത്തിയിരുന്നില്ല.If/356983 ഫയലിലെ കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ വേജ്, ടോട്ടൽ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

19) മസ്റ്റർറോൾ **മൂവ്മെന്റ് സ്ലിപ്പ്**
മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പിൽ മസ്റ്റർറോൾ നമ്പർ, തീയതി, മെഷർമെന്റ് തീയതി, അപ്‌ലോഡ് ചെയ്ത തീയതി ഫസ്റ്റ് ആൻഡ് സെക്കൻഡ് സിഗ്നേച്ചർ എന്നിവ ഉണ്ടായിരുന്നു.

**20)ജിയോ ടാഗ് ഫോട്ടോഗ്രാഫ്**
പരിശോധിച്ച ഒരു ഫയലിലും ജിയോ ടാഗ് ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല.

21) **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

22) **സൈറ്റ് ഡയറി**

Unskilled labour of life project ഒഴികെയുള്ള എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. പ്രവർത്തിയുടെ പേര്, കോഡ് ആരംഭിച്ച തീയതി അവസാനിച്ച തീയതി എസ്റ്റിമേറ്റ് തുക ആകെ **തൊ**ഴിൽദിനങ്ങൾ, വിഎംസി അംഗങ്ങളുടെ ഒപ്പ് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു. ചികിത്സാ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരുന്നില്ല.

വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾ, nrega ഓവർസിയർ എന്നിവർ പ്രവർത്തി സ്ഥലം സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1) **ടോയ്ലറ്റ് നിർമാണം**

നിഷാ സന്തോഷ്, സന്തോഷ് ഭവനം RS/334120.മാസ്ട്രോൾ പ്രകാരം അവർക്ക് 12 തൊഴിൽദിനങ്ങൾ ലഭിക്കുകയും അതിന്റെ തുക അവരുടെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്തു.

സ്ഥല പരിശോധനയിൽ അവർ അറിയിച്ചത് അവർക്ക് പണമൊന്നും ലഭിച്ചിട്ടില്ല എന്നാണ്. AE അറിയിച്ചത് ബാലൻസ് 8750 രൂപ അവർ മെറ്റീരിയൽസിന്റെ റെസിറ്റ് നൽകിയാൽ മാത്രമെ കൊടുക്കാൻ സാധിക്കുവെന്നാണ്.

2) **കുന്നേൽ വെളി അയൽസഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും കെ 94 IF/348781**

ഫയൽ പരിശോധന പ്രകാരം ആകെ 2699 തൈകൾ ആണ് ഉള്ളത്. ഫീൽഡ് വേരിഫികേഷൻ പ്രകാരം 2707 തൈകൾപരിപാലിക്കുന്നു.

3. **അരൂത്തറ അയൽ സഭ പ്രദേശത്തെ വൃക്ഷത്തൈ നടീലും പരിപാലനവും, k-96, IF/348784**

എസ്റ്റിമേറ്റ് പ്രകാരം 1600 തൈകളാണ് ഉണ്ടാകേണ്ടത്. മൂന്നു പുരയിടങ്ങളിൽ ആയാണ് കൃഷി ചെയ്തിരുന്നത്. ഫീൽഡ് പരിശോധന പ്രകാരം മുരിങ്ങ -115 ആത്ത-151, പേര- 317, നെല്ലി- 155, കറിവേപ്പ് -448, മാതളം- 441, ചാമ്പ -14, ആകെ 1641 തൈകളാണ് ഉണ്ടായിരുന്നത്. പ്രളയം മൂലവും കീടത്തിന്റെ ആക്രമണം മൂലവും കുറേ തൈകൾ നഷ്ടമായി.

4. **പടിഞ്ഞാറെവെളി അയൽ സഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും k-167, IF/351152**

ഫയൽ പരിശോധന പ്രകാരം 2509 തൈകളാണ് ഉണ്ടായിരുന്നത്. അഞ്ചു പുരയിടങ്ങളിൽ ആയി കൃഷി ചെയ്തിരുന്നു. ഫീൽഡ് പരിശോധന പ്രകാരം നാരകം- 2, വേപ്പ് - 2311, മാതളം -315, പേര- 70, നെല്ലി- 91, സീതപ്പഴം- 22, ആത്ത -3, ആകെ 2814 തൈകൾ ഉണ്ടായിരുന്നു.

**5. അരൂത്തറ സെക്കൻഡ് അയൽസഭ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും, k-173, IF/349733**

ഫയൽ പരിശോധന പ്രകാരം കറിവേപ്പ്- 1611, പേര- 425, ചാമ്പ- 215, മാതളം 587, ആത്ത- 113, ആകെ 2921തൈകൾ പുരയിടങ്ങളിൽ ആയാണ് കൃഷി നടന്നിരുന്നത്. ഫീൽഡ് പരിശോധനയിൽ പേര- 318, മാതളം - 500, കറിവേപ്പ് -1980, ചാമ്പ- 193, ആത്ത 131, ആകെ 3122 തൈകൾ ഉണ്ടായിരുന്നു. പ്രളയം മൂലവും ആഫ്രിക്കൻ ഒച്ചിന്റെ ശല്യം മൂലവും ഒത്തിരി തൈകൾ നഷ്ടമായി കുറച്ച് തൈകൾ മോഷണം പോയതായി തൊഴിലാളികൾ അറിയിച്ചു.

**6. പുതുപ്പാടി അയൽസഭ വൃക്ഷത്തൈ നടീലും പരിപാലനവും K- 377, IF/351155.**

എസ്റ്റിമേറ്റ് പ്രകാരം ആകെ 2700 തൈകൾആണ് കാണേണ്ടത്. ഫീൽഡ് പരിശോധനയിൽ നിന്ന് ആകെ 2701 തൈകൾ കണ്ടു .

**7. പടിഞ്ഞാറേവെളി സെക്കൻഡ് അയൽസഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷതൈ നടീലും പരിപാലനവുംK- 178, IF/ 351157.**

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2500 തൈകളാണ് ഉണ്ടായിരുന്നത്. കറിവേപ്പില 2306 മാതളം - 256, പേര-182, ആകെ 2714 തൈകൾ. ഇവ 5 പുരയിടങ്ങളിലായി കൃഷിചെയ്തുവരുന്നു എന്ന് ഫീൽഡ് പരിശോധനയിൽ നിന്നും മനസ്സിലായി.

**8. കുറുപ്പമ്മാമഠം അയൽസഭാപ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K- 97, IF/34974.**

ഫയൽ പരിശോധന പ്രകാരം 2806 തൈകളാണ് ഉണ്ടായിരുന്നത്. ഫീൽഡ് പരിശോധന പ്രകാരം വേപ്പ് - 2200, പേര - 238, മാതളം- 112, ആത്ത -90, തെങ്ങിൻതൈ -25, നെല്ലി- 30, മുരിങ്ങ - 1, നാരകം-1, ജാതി -1, ആകെ 2698 തൈകൾ.

**9. കുറുപ്പമ്മാമഠം സെക്കൻഡ് അയൽസഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K-174**

എസ്റ്റിമേറ്റ് പ്രകാരം 7 വ്യക്തികളുടെ വീടുകളിലായി 3165 തൈകളാണ് ഉണ്ടായിരുന്നത്. നിലവിൽ വേപ്പ് -2642, പേര-156, നെല്ലി -46, മാതളം - 103, ആത്ത -16, ചാമ്പ -2, ആകെ 2965 തൈകൾ പരിപാലിക്കുന്നു

**10. പള്ളിക്കവല ഞറുക്കുവെളി അയൽസഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവുംK- 220, IF/ 354816.**

എസ്റ്റിമേറ്റ് പ്രകാരം 4000 തൈകളാണ് നട്ടിരുന്നത്. ഫീൽഡ് പരിശോധനയിൽ 3000 തൈകൾ കാണാനായി. ബാക്കി പ്രളയം മൂലവും ആഫ്രിക്കൻ ഒച്ചിന്റെ ശല്യം മൂലവും നശിച്ചു പോയി.

**11. പള്ളിക്കവല അയൽസഭാ പ്രദേശത്തെ ഭൂമിയിൽ വൃക്ഷത്തൈ നടീലും പരിപാലനവും K-95,IF/ 348783.**

പള്ളിവക രണ്ടര ഏക്കർ പുരയിടത്തിൽ 304 പേര, 332 മാതളം, 200 നാരകം, ആത്ത - 100, നെല്ലി -65, വേപ്പ് - 2500, തെങ്ങിൻതൈ 25, ആകെ 3500 തൈകളാണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത്.
ഫീൽഡ് പരിശോധനയിൽ 2248, പേര -170, നാരകം -121, മാതളം - 259, ആത്ത -48, നെല്ലി - 37, തെങ്ങിൻതൈ 25, ആകെ 2883 തൈകൾ പരിപാലിക്കുന്നു. വെള്ളപ്പൊക്കത്തിൽ നശിച്ച തൈകൾക്ക് പകരം വൃക്ഷതൈ വാങ്ങിച്ചു. വളം വാങ്ങിയ ഇനത്തിൽ തൊഴിലാളികൾക്ക് കുറച്ചു നഷ്ടം സംഭവിച്ചു.

**12. അരൂത്തറ പ്രദേശത്തെ ഭൂമിയിൽ പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K 847, LD/323166**

1093 തെങ്ങുകളും 759 തൈകളും ഇടവിള കൃഷിക്കായി കിഴങ്ങ്, പഞ്ഞപ്പുല്ല്, പച്ചക്കറികൾ, എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ കാലയളവ് കഴിഞ്ഞതിനാൽ ഇടവിള കൃഷിയുടെ വിളവെടുപ്പ് നടത്തിയിരുന്നു. ഫീൽഡ് പരിശോധനയിൽ 985 തെങ്ങുകളും 725 തൈകളും ആണ് കാണാൻ സാധിച്ചത്. ബാക്കി നശിച്ചുപോയി.

**13. കുന്നേവെളി പ്രദേശത്തെ പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K-848, LD / 323167.**

എസ്റ്റിമേറ്റ് പ്രകാരം 1288 തെങ്ങുകളും 461 തൈകളും ആണുള്ളത് 1230 തെങ്ങുകളും 420 തൈകളുമാണ് നിലവിൽ ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞത്. ബാക്കിയുള്ളവ വെട്ടിയും നശിച്ചും പോയതായി വീട്ടുകാർ അഭിപ്രായപ്പെട്ടു. പദ്ധതി അവസാനിച് ഏഴുമാസം പിന്നിട്ടതിനാൽ മിക്ക തെങ്ങുകളുടെയും തടങ്ങൾ പോയിരുന്നു.

14. **പള്ളിക്കവല പ്രദേശത്ത് പ്ലാൻ ഫണ്ടുമായി സംയോജിച്ച് ഇടവിള കൃഷിക്കായി പുരയിടം ഒരുക്കൽ K- 850, LD/323169**.

ഫയൽ പരിശോധന പ്രകാരം 2298 സെന്റ് ഭൂമിയിൽ 818 തെങ്ങ് ഉണ്ടായിരുന്നു. എന്നാൽ 780 തെങ്ങുകളാണ് കാണാൻ സാധിച്ചത്. ബാക്കിയുള്ള വെട്ടുകയും തല പോവുകയും ചെയ്തു. ഒരു വർഷം കഴിഞ്ഞതിനാൽ പഞ്ഞപ്പുല്ല് കാണാൻ സാധിച്ചില്ല. തൊഴിൽ കാർഡ് പരിശോധിച്ചു. മിക്കതും അപൂർണ മായിരുന്നു. അതിനവർക്ക് നിർദ്ദേശം നൽകി.

15.**അറുങ്ങവെളി പ്രദേശത്ത് ഇടവിളകൃഷി K-849, LD/323168**

ഫയൽ പ്രകാരം 973 തെങ്ങുകളും 382 തൈകളും ആണുള്ളത് അതിൽ 870 തെങ്ങും 345 തൈകളും കാണാൻ സാധിച്ചു. തൈകളിൽ പലതും ചെല്ലി കയറി നശിച്ചു. തെങ്ങുകൾ തലയില്ലാതെയും നശിച്ചുപോയി.

16.**ലൈഫ് ഗുണഭോക്താക്കൾക്കായി ഇഷ്ടിക നിർമ്മാണം ഫസ്റ്റ് റീച്ച് AV/255421**

17 വീട്ടുകാർക്ക് ആയി 1200 സോളിഡ് ബ്ലോക്കുകൾ വീതമാണ് നിർമ്മിച്ചിരുന്നത്. എന്നാൽ പണി പൂർത്തിയാക്കിയതിനാൽ സൈറ്റിൽ ഒന്നും തന്നെ കാണാൻ സാധിച്ചില്ല.

17. **ലൈഫ് ഗുണഭോക്താക്കൾക്ക് ഇഷ്ടിക നിർമ്മാണം സെക്കൻഡ് റീച്ച് AV/255422**

പണിപൂർത്തിയായി ഗുണഭോക്താക്കൾ ഇഷ്ടിക കൊണ്ടുപോയതിനാൽ സൈറ്റിൽ ഒന്നും കാണാൻ സാധിച്ചില്ല. ഒരു ലൈഫ് ഭവനത്തിന് 1200 ഇഷ്ടിക വീതം 17 വീടുകൾക്ക് സോളിഡ് ബ്ലോക്ക് ഉണ്ടാക്കിയതായി തൊഴിലാളികൾ പറഞ്ഞു.

18. **ലൈഫ് ഗുണഭോക്താക്കൾക്ക് ഇഷ്ടിക നിർമ്മാണം തേഡ് റീച്ച് AV/255423**

ലൈഫ് ഭവനത്തിനായി ഇഷ്ടികകൾ കൊണ്ടുപോയതിനാൽ ഒന്നും കാണാൻ സാധിച്ചില്ല.

19. **കസ്തുർബ ഫൈബർ ടെക്സ് റോഡ് മെറ്റലിംഗ് K-188, RC/65111**

എസ്റ്റിമേറ്റ് പ്രകാരം 185 മീറ്റർ നീളവും 3 മീറ്റർ വീതിയും ഉണ്ടായിരുന്നു. ഫീൽഡ് പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള നീളവും വീതിയും കാണാൻ സാധിച്ചു

20. **കസ്തൂർബാ ശ്രീ ഭവനം തോട് വെട്ടി തീറ്റപ്പുൽ നടീൽ R/210**
വർക്ക് കഴിഞ്ഞ് ഏഴു മാസത്തോളം ആയതിനാൽ കൃത്യമായ അളവ് എടുക്കാൻ സാധിച്ചില്ല. പ്രളയം മൂലം മണ്ണിടിഞ്ഞ് അവസ്ഥയിലായിരുന്നു. വീതി പലയിടത്തും വ്യത്യസ്തമായിരുന്നു. ഒരു സ്ഥലത്തെ വീതി 3 മീറ്ററും 90 സെന്റീമീറ്റർ ആയം ഒരു മീറ്ററും 55 സെന്റീമീറ്റർ

21. **അയ്യപ്പഞ്ചേരി കുളങ്ങര കുഴിക്കൽ തോട് വെട്ടി കയർഭൂവസ്ത്രം വിരിക്കൽ തീറ്റപ്പുൽ നടിൽ WH/56436**
വീതി 3 മീറ്റർ ആഴം ഒരു മീറ്റർ 86 സെന്റീമീറ്റർ തീറ്റപ്പുൽ ഒന്നും തന്നെ കാണാൻ സാധിച്ചില്ല. രണ്ട് തോടുകൾ ആയാണ് വെട്ടിയത്. നെടും ചിറ കുളങ്ങര തോട് വീതി 4 മീറ്റർ 55 സെന്റീമീറ്റർ ആഴം 2 മീറ്റർ

22. **പടിഞ്ഞാറേവേളി കുന്നേ വെളി തോട് വെട്ടി ആഴം കൂട്ടൽ തീറ്റപ്പുൽ നടയിൽ WH/212373**
വർക്ക് നടന്ന 6മോസം ആയതിനാൽ തോട് വെട്ടിയത് ഇടിഞ്ഞു പോയിരുന്നു. തീറ്റപ്പുൽ ഒന്നും കാണാൻ സാധിച്ചില്ല. 2 തോട്ടിൽ ആയാണ് പണി നടന്നത്. അയ്യപ്പഞ്ചേരി കുളങ്ങര കുഴിക്കൽ തോട് വീതി 2 മീറ്റർ 10 സെന്റീമീറ്റർ ആഴം 1.8 മീറ്റർ
പുത്തൻവെളി കുളങ്ങര കുഴിക്കൽ തോട് വീതി 3 മീറ്റർ 34 സെന്റീമീറ്റർ ആഴം ഒരു മീറ്റർ 62 സെന്റീമീറ്റർ. തൊഴിലാളികളുടെ അഭിപ്രായത്തിൽ തോട് വെട്ടി തീറ്റപ്പുൽ നടത്താൻ അതിന്റെ അരികിലുള്ള വീട്ടുകാർ അവർക്ക് അടുത്ത പ്രാവശ്യം തൊട്ട് വെട്ടണം എന്ന് പറഞ്ഞ് തീറ്റപ്പുൽ എല്ലാം പറിച്ചു കളഞ്ഞു

**<u>അൺസ്കിൽഡ് ലേബർ ഓഫ് ലൈഫ് പ്രൊജക്റ്റ്</u>**

**1. ശാന്തമ്മ പുത്തൻവെളി , K-319, 356922.**
മസ്ട്രോളിൽ 90ദിവസത്തെ തൊഴിൽദിനം ലഭിക്കുകയും എം ബുക്കിൽ 24,390 രൂപ വേതനമായി നൽകിയതായും കാണിച്ചിട്ടുണ്ട്.

**2.സോഫിയ ചാണിവെളി K-323, 356929.**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**3.ശാന്ത, കുറുപ്പമ്മാവെളി K-340, 356979.**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**4.സിജ, മനസനിലയം K-346, 356991**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**5.ഓമന, മഠത്തിൽവെളി, K-318, 356920**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**6.ജ്യോതിലക്ഷ്മി , കാർത്തിക നിവാസ്, K-341, 356981**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**7.രശ്മി, അമൃതഭവൻ, K-321, 356926**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**8.അമ്പിളി, പുത്തെൻ വെളി, K-549, 360439**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**9.ലളിത, കോമത്തുവെളി, K-362, 357024**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**10. ബീന പുതുപാടിയിൽ K-331, 356969**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**11.സജിത പുളിന്തുരുത് , K-332, 356970**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു

**12.ഉഷ പുത്തെൻ പുരയ്ക്കൽ, K-322, 356928**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**13.സുമ അറുഗാവെളി, K-342, 356983**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**14.സ്മിതമോൾ വെളിയിൽ , K-345, 356990**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**15.സന്ധ്യാ നികർത്തിൽ K-588, 374494**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**16. ഓമന തെക്കേമെറ്റത്ത്, K-574, 374116**
90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**17. പ്രഭാവതി പ്രഭാനിലയം, k-575, 374117**

90 ദിവസത്തെ തൊഴിലും വേതനമായി 24390 രൂപയും ലഭിച്ചു.

**18. ഇന്ദിരാ കണ്ടത്തിൽ പറമ്പ് K-576, 374119**

86 ദിവസത്തെ തൊഴിലും വേതനമായി 23,306 രൂപയും ലഭിച്ചു

## അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ട ശേഷം 15 ദിവസങ്ങൽകുള്ളിൽ തൊഴിൽ ലഭ്യമാകുകയോ, വേതനം ലഭികുകയോ ചെയുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

## *നിരീക്ഷണങ്ങളും കണ്ടെത്തലുകളും*

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല.

എല്ലാ പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നു.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും. ഇതോടൊപ്പം വ്യത്യസ്തമായ പ്രവർത്തികൾ നടപ്പാക്കുന്നതിനും (തോട് ആഴം കൂട്ടൽ, ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷി) ശ്രമിച്ചിട്ടുണ്ട്.

ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി നട്ടു വളർത്തിയ ഫലവൃക്ഷതൈകൾ വിഷരഹിതമായ ഫലങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗ്രാമസഭ മിനുട്സ്

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 2 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 19/ 11 /2019 10.30 മുതൽ തുണ്ടേ പറമ്പിൽ ചന്ദ്ര ബാബുവിന്റെ വസതിയിൽ നടന്നു. ഗ്രാമസഭയിൽ തൊഴിലാളിയായ ശ്രീമതി ജയശ്രീ അധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിന് വാർഡ് മെമ്പർ സുധാ സുരേഷ് സ്വാഗതമാശംസിച്ചു NREGA ജീവനക്കാർ, മേറ്റുമാർ, 120 തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

1/10/2019 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 40 പ്രവർത്തിയുടെ ഫയൽ ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ റിസോഴ്സ് പേഴ്സൺ മാർ അവതരിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കുന്ന സോഷ്യൽ ഓഡിറ്റ് നെക്കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും വിശദീകരിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് രണ്ടിൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപറ്റു രസീത് ചില ഫയലുകളിൽ കാണാൻ സാധിച്ചില്ല. തൊഴിലിട സൗകര്യങ്ങളെല്ലാം തന്നെ ലഭിക്കുന്നില്ല. തുടർന്ന് ഫയലിലും ഫീൽഡിലും കണ്ടെത്തിയ കാര്യങ്ങൾ ഗ്രാമസഭ വിശദമായിത്തന്നെ ചർച്ച ചെയ്തു.

**പൊതു ചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ:**

1)ഷൈലജ: തൊഴിൽ ബുക്കുകൾ അപൂർണ്ണമായതിന്റെ വിശദീകരണം നൽകി.

2)ശാന്തകുമാരി: കൂലി കൃത്യമായി ലഭിക്കുന്നില്ല നട്ടുപിടിപ്പിച്ച തൈകൾ മോഷണം പോയിട്ടുണ്ട്

3) സിമി : തൈകൾ പ്രളയത്തിൽ നശിച്ചിട്ടുണ്ട് 26 പേർക്കും കൂടി 36 ദിവസം ആണ് തൊഴിൽ ലഭിച്ചത്

4) വിലസ : മേറ്റുമാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ട് തൊഴിലാളി 100 പണി ചെയ്യുമ്പോൾ മേറ്റുമാർ 200 പണി ചെയ്യുന്നു

5)റെജി : വേതനം ഈ വർഷം കൂട്ടികിട്ടിയിട്ടില്ല. 14 ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നില്ല നൂറു ദിവസത്തെ പണി ഞങ്ങൾക്ക് ലഭിക്കണം എന്നാൽ മാസത്തിൽ 12 പോലും ലഭിക്കുന്നില്ല .രസീത് ഞങ്ങൾ മേടിക്കാറില്ല.

6)രാജമ്മ: 36 പണി ചെയ്തിട്ടുണ്ട് എന്നാൽ കൂലി ഇതുവരെ കിട്ടിയിട്ടില്ല വേനൽക്കാലത്താണ് പഞ്ഞപുല്ല് നൽകിയത്, ജലലഭ്യത ഇല്ലായിരുന്നു, നൽകിയാൽ കോഴിയെ വളർത്താം, പറമ്പിൽ പണി ലഭിക്കണം കീരിയും ഉടുമ്പും വർദ്ധിക്കുന്നു.

**ചർച്ചയ്ക്ക് NREGA ഓവർസിയർ നൽകിയ മറുപടികൾ:**

* ജിയോ ടാഗ് ഫോട്ടോഗ്രാഫ്: സോഫ്റ്റ്‌വെയർ തകരാർ മൂലമാണ് അത് ചെയ്യാൻ സാധിക്കാത്തത്.

*വളത്തിന്റെ ബില്ല്: ഫയലിൽ ഇല്ല ബോർഡിന്റെ ബില്ലു മാത്രമാണുള്ളത്.

*mbook, As no, Ts no- ഇവ നോട്ട് ചെയ്യാറില്ല ഫയലുകൾ അധികമായതിനാൽ ഇവ പ്രയാസമാണ്

* നിഷാ സന്തോഷ് ടോയ്‌ലറ്റ് നിർമ്മാണത്തിന് അനുമതി കൊടുത്തു. മക്കൾ പ്രകാരം കൂലിയും നൽകി. വർക്ക് യാതൊന്നും ചെയ്യാത്തതിനാൽ 12000 രൂപ പൂർണമായി നൽകിയില്ല.

*ജോബ് കാർഡ്- തൊഴിൽ ബുക്കുകൾ കൃത്യമായി പൂർത്തീകരിക്കണം

BRP സീന : NREGA കൃത്യമായി വേജ് ലിസ്റ്റ്, എഫ് ടി ഒ. വിടുന്നുണ്ട്. ഫണ്ട് വരാത്തതിനാൽ ആണ് ലഭിക്കാത്തത്. അപ്പോൾ ഡിലീറ്റ് പെയ്മെന്റ് ലഭിക്കില്ല.

തൊഴിൽ ലഭിക്കണമെങ്കിൽ രേഖാമൂലം ആവശ്യപ്പെടണം. രസീത് ചോദിച്ച മേടിക്കണം വ്യത്യസ്തമായ തൊഴിലുകൾ ആവശ്യപ്പെടണം, ആവർത്തനം പാടില്ല നോക്കിയാൽ കാണാവുന്ന തരത്തിൽ ഉള്ള തൊഴിലുകൾ ചെയ്യണം. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധ ചെലുത്തണം. ഏറ്റെടുക്കാൻ പറ്റുന്ന പ്രവർത്തികളെ കുറിച്ച് നല്ല അറിവ് വേണം

വളത്തിനായുള്ള പണപ്പിരിവ് റിപ്പോർട്ടിൽ സൂചിപ്പിക്കേണ്ടതില്ല. അത് അവർ ഗ്രൂപ്പിന്റെ ആവശ്യത്തിനു വേണ്ടി ചെയ്തതാണ്. കറണ്ട് ചാർജ് പണം തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് ലഭിക്കില്ല. ബിൽ പ്രകാരം മാത്രം വളത്തിന്റെ തുക നൽകാൻ സാധിക്കുള്ളൂ.

AE സുജി : പണം മുടക്കേണ്ട ആവശ്യമില്ല തൈകൾ കുറഞ്ഞാൽ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ചാണകം വാങ്ങിയതൊക്കെ കൂട്ടിച്ചേർക്കാം.

ഓവർസിയർ : ലൈഫ് പദ്ധതിയിൽ ഇന്ദിരക്ക് 86 ദിവസത്തെ തൊഴിൽ നൽകി ഉള്ളൂ ബാക്കി വേറെ തൊഴിൽ നൽകുകയായിരുന്നു. തൊഴില് സൗകര്യങ്ങൾ വൈകാതെ എല്ലായിടത്തും എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു വരുന്നുണ്ട്.

* മേറ്റ് മാരുടെ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ ചർച്ച ചെയ്യുന്നുണ്ട്

* ആയുധ വാടക ഷാർപ്പണിങ് ചാർജ് ആയി ഇപ്പോൾ നൽകിവരുന്നുണ്ട്. റോഡ് പണിക്കൊക്കെ നൽകുന്നുണ്ട്.

* വേതനം 4 സംസ്ഥാനങ്ങൾക്കാണ് കൂട്ടി കിട്ടാത്തത് 500 രൂപയാണ് കേരളം ചോദിച്ചിരിക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിന് അനുസരിച്ചായിരിക്കും.

* ജനകീയമായാണ് പ്രവൃത്തികൾ നടത്തുന്നത് പണം പഞ്ചായത്ത് തലത്തിൽ പിരിച്ചിട്ടില്ല. അതിൽ പഞ്ചായത്തിനോ ഉദ്യോഗസ്ഥർക്കോ യാതൊരു വിധ ബന്ധവുമില്ല.

തൊഴിലാളികൾ: ഞങ്ങൾ ഗ്രൂപ്പിന്റെ ആവശ്യത്തിനാണ് പണം എടുത്തിരിക്കുന്നത് അത് ഞങ്ങൾക്ക് നഷ്ടപ്പെട്ട തൈകൾ പുന സ്ഥാപിക്കുന്നതിനും, തൊഴിൽ ലഭിക്കുന്നതിനും വേണ്ടി മാത്രമാണ്.

തീരുമാനങ്ങൾ

1)പ്രഥമ ശുശ്രൂഷ കിറ്റ് എല്ലാ സൈറ്റിലും എത്തിക്കാൻ തീരുമാനിച്ചു

2) തൊഴിൽ ബുക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും പാസ് ബുക്കുകൾ പതിപ്പിക്കുന്നതിനും നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

കൃതജ്ഞതയോടെ യോഗം അവസാനിച്ചു.